**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6086** **04-07-2019 ൽ മറുപടിക്ക്**

**പട്ടയവും കെ.എൽ.യു.വും ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. ബാബു | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളും കെ.എൽ.യു (കേരള ലാൻഡ് യൂട്ടിലൈസേഷൻ) ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അർഹരായ എല്ലാപേർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 106450 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. പട്ടയ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർ മാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകിയിട്ടുണ്ട്. ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് പട്ടയ അപേക്ഷകളിൽ വളരെ പെട്ടെന്ന് തീർപ്പുകല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ താലൂക്കുകളിലും അസൈൻമെന്റ് കമ്മിറ്റികൾ സമയാ സമയങ്ങളിൽ യോഗം ചേർന്ന് അർഹമായ എല്ലാ അപേക്ഷകർക്കും പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>കേരള ലാൻഡ് യൂട്ടിലൈസേഷൻ (കെ.എൽ.യു) പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിയമാനുസരണ നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസർ മുഖേന സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഓരോ മാസവും അദാലത്ത് നടത്തി അപേക്ഷകൾ തീർപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ? | (ബി) താലൂക്ക് തലത്തിൽ അദാലത്ത് നടത്തി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**